# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2037 | 13/06/2019-ൽ മറുപടിയ്ക്ക്

## ഡെങ്കിപ്പനി പ്രതിരോധ നടപടികൾ

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| എ) | തലസ്ഥാനത്ത് ഡെങ്കിപ്പനി ബാധിതരുടെ എണ്ണം കൂടുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് നേരിയ വർദ്ധന ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം പ്രതിരോധ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) | തിരുവനന്തപുരം ജില്ലയിലും നഗരസഭാ പ്രദേശത്തും ആരോഗ്യ ജാഗ്രത പ്രവർത്തന കലണ്ടർ അനുസരിച്ചുള്ള ഡെങ്കിപ്പനി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ജില്ലാ മെഡിക്കൽ ആഫീസും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും തിരുവനന്തപുരം നഗരസഭയും മറ്റ് തദ്ദേശ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കി വരുന്നു. ആരോഗ്യ ജാഗ്രതാ അവലോകനം ബഹു. സഹകരണ ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തി. 04/05/2019-ന് നഗരസഭാ മേയറുടെ അദ്ധ്യക്ഷതയിലും ഇതു സംബന്ധിച്ച് യോഗം നടത്തി. ഡെങ്കിപ്പനി നിരീക്ഷണം, ഈഡിസ് കൊതുക സർവ്വേ, കൊതുകുറവിട നശീകരണം, ഡ്രൈഡേ ആചരണം, സംയോജിത കൊതുക നിയന്ത്രണം, ബോധവത്കരണം എന്നിവ കാര്യക്ഷമമാക്കി. ഡ്രൈ കണ്ടെയിനർ കം കീ കണ്ടെയിനർ, എലിമിനേഷൻ കാമ്പയിൻ, തോട്ടങ്ങളിലെ ഉറവിട നശീകരണ കാമ്പയിൻ, ജലശുദ്ധി കാമ്പയിൻ തുടങ്ങിയവ നടത്തി. മേയ് 16-ന് ദേശീയ ഡെങ്കി ദിനാചരണത്തിന്റെ ഭാഗമായി ഇതര വകുപ്പുകളുടെ ഏകോപനയോഗം, ശിൽപശാല, കൊതുകുറവിട നശീകരണം എന്നിവ നടത്തി. മേയ് 17-ന് തോട്ടങ്ങളിൽ ഉറവിടനശീകരണം, മേയ് 18-ന് നിർമ്മാണ സ്ഥലങ്ങളിലും അതിഥി സംസ്ഥാന തൊഴിലാളി കേന്ദ്രങ്ങളിലും പരിശോധന. മേയ് 20, 21 തീയതികളിൽ ഡെങ്കിപ്പനി ഹൈറിസ്ക് സ്ഥലങ്ങളിൽ സംയോജിത കൊതുക നിയന്ത്രണത്തിന്റെ ഭാഗമായി |

➡

ഉറവിട നശീകരണം, സ്പ്രേയിംഗ്, ഐ.എസ്.എസ്. ഫോഗിംഗ് എന്നിവ നടത്തി. ഇത്തരം പ്രവർത്തനങ്ങൾ ജില്ലകളിൽ ഇപ്പോഴും തുടർന്ന് നടത്തി വരുന്നു.

**സി)** പ്രതിരോധ നടപടികൾ സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ; കണക്കുകൾ സഹിതം വ്യക്തമാക്കുമോ;

**ഡി)** ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ലെങ്കിൽ പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ?

**സി) യും ഡി) യും** 2017 നെ അപേക്ഷിച്ച് 2018-ലും 2019-ലും ഡെങ്കിപ്പനി ബാധിതരുടെ എണ്ണത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്.

2017 ജനുവരി മുതൽ മേയ് 31 വരെ സംസ്ഥാനത്ത് 5016 പേർക്ക് ഡെങ്കിപ്പനി ബാധിച്ചപ്പോൾ 2018-ൽ ഇതേ കാലയളവിൽ 848 പേരെയും 2019-ൽ 403 പേരെയുമാണ് ബാധിച്ചത്. തലസ്ഥാന ജില്ലയിൽ ഇതേ കാലയളവിൽ 2017-ൽ 3055 പേരെ ഡെങ്കിപ്പനി ബാധിച്ചപ്പോൾ 2018-ൽ 92 പേരെയും 2019-ൽ 104 പേരെയും ഈ രോഗം ബാധിക്കുകയുണ്ടായത്.

**സെക്ഷൻ ഓഫീസർ**